**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4248** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള കേന്ദ്രത്തിന്റെ നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും പ്രതിവർഷം കേന്ദ്ര സർക്കാരിലേക്ക് നൽകുന്ന നികുതി എത്രയാണ്; വ്യക്തമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷം വിവിധ ഇനങ്ങളിൽ നികുതി ഇനത്തിൽ ഏകദേശം 1504.75 കോടി രൂപ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | സംസ്ഥാന വിഷയമായ ലോട്ടറികളിൽനിന്നും നികുതി ചുമത്തുവാനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണെന്നിരിക്കെ കൂടുതൽ നികുതി ചുമത്തുന്നതിനായി കേന്ദ്ര സർക്കാർ നിയമ ഭേദഗതി കൊണ്ടുവന്നിരുന്നോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നും സേവന നികുതി ഈടാക്കുന്നതിനായി 1994 ലെ ധനകാര്യ നിയമത്തിൽ ഫിനാൻസ് ആക്റ്റ്-2012, ഫിനാൻസ് ആക്റ്റ്-2015, ഫിനാൻസ് ആക്റ്റ്-2016 എന്നിവ പ്രകാരം കേന്ദ്ര സർക്കാർ നിയമ ഭേദഗതി കൊണ്ടുവന്നിരുന്നു. |

| ക്രമ നം. | നികുതി ഇനം | തുക (കോടിയിൽ |
|---|---|---|
| 1 | ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിന്മേലുള്ള GST | 1,320.68 |
| 2 | ഭാഗ്യക്കുറി സമ്മാനത്തുകയിന്മേലുള്ള TDS | 120.36 |
| 3. | ഏജന്റ് സമ്മാനത്തുകയിന്മേലുള്ള TDS | 46.10 |
| 3. | ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിന്മേൽ ഏജന്റ്മാർ ഒടുക്കിയ TCS | 14.69 |
| 4. | ഭാഗ്യക്കുറി പരസ്യ ഇനത്തിന്മേലുള്ള നികുതി | 0.52 |
| 5. | ഭാഗ്യക്കുറി അച്ചടി ഇനത്തിന്മേലുള്ള ആദായ നികുതി | 2.34 |
| | **ആകെ** | **1504.75** |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന ലോട്ടറിയിൽ നിന്നും സേവന നികുതി ഈടാക്കുന്നതിനായി കൊണ്ടുവന്ന നിയമഭേദഗതി ബഹു. സുപ്രീം കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാന ലോട്ടറിയിൽ നിന്നും സേവന നികുതി ഈടാക്കുന്നതിനായി കൊണ്ടുവന്ന നിയമ ഭേദഗതി റദ്ദ് ചെയ്ത് CA 4289-4290 of 2013 നമ്പർ അപ്പീൽ കേസിൽ ബഹു.സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംസ്ഥാനത്തിന് ഗുണകരമാകുമോ; വിശദീകരിക്കുമോ; | (ഡി) | ഭരണഘടനയിൽ ഭേദഗതി വന്നിട്ടുള്ള സാഹചര്യത്തിൽ സേവന നികുതി സംബന്ധിച്ച നിയമഭേദഗതികൾ സംസ്ഥാനത്തെയും ഭാഗ്യക്കുറി വകുപ്പിനെയും ബാധിക്കാനിടയില്ല. |
| (ഇ) | ഇതര സംസ്ഥാന ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിനും വ്യാജ ലോട്ടറി ടിക്കറ്റുകൾ വിൽപ്പന നടത്തുന്നതിനെതിരെയും ഈ രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്നതിനും ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (ഇ) | ഇതര സംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി, 1998 – ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്ടിനും, അതിന് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി നടത്തുന്നതോ, സംഘടിപ്പിക്കുന്നതോ, പ്രോത്സാഹിപ്പിക്കുന്നതോ ഉൾപ്പെടെയുള്ള എല്ലാ ലോട്ടറികളുടെയും വിൽപ്പന നിരീക്ഷിക്കുന്നതിനായി നികുതി വകുപ്പ് സെക്രട്ടറിയെയോ അല്ലെങ്കിൽ സർക്കാർ ഈ ഉദ്ദേശത്തിലേക്കായി നിയമിക്കുന്ന അധികാര സ്ഥാപനത്തെയോ അതിന്റെ അധികാരിയായി നിയമിക്കണമെന്ന് 2005 – ലെ കേരള പേപ്പർ ലോട്ടറി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ അതിലേക്കായി അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>വ്യാജ ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന ശ്രദ്ധയിൽപ്പെടുകയോ അതു സംബന്ധിച്ച വിവരം ലഭിക്കുകയോ ചെയ്താൽ അടിയന്തരമായി ഇതു തടയുന്നതിനായി ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് വിവരം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറികളിൽ Guilloche pattern, Opaque text pattern, Micro letters pattern, void panto-graph pattern, Linear barcode തുടങ്ങി പതിനൊന്നോളം സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ ഭാഗ്യക്കുറിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സീക്രട്ട് കോഡ്, വേരിയബിൾ ഡേറ്റ എന്നിവയും സുരക്ഷാ ക്രമീകരണങ്ങളായി ഉപയോഗിക്കുന്നവയാണ്. 12 കോടിയോ അതിലധികമോ സമ്മാനത്തുകയുള്ള ഭാഗ്യക്കുറികൾ ഫ്ലൂറസെന്റ് മഷി ഉൾപ്പെടുത്തി അച്ചടിക്കുന്നു. ഇതിനോടൊപ്പം വകുപ്പിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനായ ഭാഗ്യകേരളം മൊബൈൽ ആപ്ലിക്കേഷൻ വഴി ടിക്കറ്റിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നതും, ഈ ടിക്കറ്റ് ഓഫീസിൽ നിന്നും ഏതു ഏജന്റിനാണ് വിറ്റിട്ടുള്ളത് എന്നത് വരെ കണ്ടെത്താൻ സാധിക്കുകയും ചെയ്യും.<br><br>ഭാഗ്യക്കുറി നറുക്കെടുപ്പിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജയ് ഹിന്ദ്, കൈരളി, കൗമുദി, ജീവൻ എന്നീ ചാനലുകളിലും വകുപ്പിന്റെ ഓദ്യോഗിക യു ട്യൂബ് ചാനലിലും ഭാഗ്യക്കുറി നറുക്കെടുപ്പ് തത്സമയ സംപ്രേക്ഷണം നടത്തി വരുന്നു. പൊതുജനങ്ങൾക്ക് നറുക്കെടുപ്പ് സ്ഥലത്തു എത്തി നേരിട്ട് കാണുന്നതിനുള്ള അവസരവും നൽകുന്നു. സർക്കാർ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പ് |

വരുത്തിയ നറുക്കെടുപ്പ് മെഷിനാണ് നറുക്കെടുപ്പിനായി ഉപയോഗിക്കുന്നത്. നറുക്കെടുപ്പ് മെഷിൻ പ്രവർത്തന ക്ഷമമാണെന്നു നറുക്കെടുപ്പ് പരിശോധന സമിതി അംഗങ്ങൾക്ക് ബോധ്യപ്പെട്ടതിനു ശേഷം മാത്രമാണ് നറുക്കെടുപ്പ് ആരംഭിക്കുന്നത്.

ഭാഗ്യക്കുറി വിൽപ്പനക്കാർക്കും തൊഴിലാളികൾക്കും സംരക്ഷണം നൽകുക എന്ന ഉദ്ദേശത്തോടെ സർക്കാർ ₹40/- രൂപ പരമാവധി വില്പനവിലയുള്ള പ്രതിവാര ലോട്ടറികൾക്കു 100 രൂപയ്ക്കു മുകളിലുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് (സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ) 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിക്കുകയും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഭാഗ്യക്കുറി ടിക്കറ്റുകൾ വാങ്ങുന്ന വില്പനക്കാർക്കു പരമാവധി ആനുകല്യം ഉറപ്പാക്കത്തക്ക വിധത്തിൽ ടിക്കറ്റുകൾ ഡിസ്കൗണ്ട് സ്ലാബിൽ നൽകിവരുന്നു. 1 മുതൽ 2000 വരെയുള്ള ടിക്കറ്റുകൾക്കു 24% വും 2001 മുതൽ 8400 വരെ 24.75% വും 8400-നു മുകളിൽ ഉള്ള ടിക്കറ്റുകൾക്കു 25.5% നിരക്കിലും ഡിസ്കൗണ്ട് അനുവദിച്ചു വരുന്നു. ബംപർ ഭാഗ്യക്കുറി ടിക്കറ്റുകൾക്കു രണ്ടു വിധത്തിലുള്ള ഡിസ്കൗണ്ട് നിരക്കുകൾ ലഭ്യമാക്കി വരുന്നു. 1 മുതൽ 1000 വരെ 23.5% എന്ന നിരക്കിലും 1000-നു മുകളിൽ 24.5% എന്ന നിരക്കിലും നൽകി വരുന്നു. ഇതിനുപരിയായി ബമ്പർ ടിക്കറ്റൊന്നിനു 1 രൂപ വിൽപ്പന ഇൻസെന്റീവ് ആയി നൽകുകയും ചെയ്യുന്നു.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിൽ അംഗമായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വാർഷിക പരമാവധി 5,000/- രൂപ വരെ ചികിത്സ ധനസഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 50,000/- രൂപ വരെ ചികിത്സ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺ മക്കൾക്കും 25,000/- രൂപ വിവാഹ ധനസഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 10,000/- രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000/- രൂപയും, അപകട മരണത്തിന് 1,00,000/- രൂപയും ധനസഹായം നൽകുന്ന മരണാന്തര ധനസഹായ പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികളും, പെൻഷൻ, കുടുംബ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും, ഓണം ഉത്സവബത്ത ആനുകൂല്യവും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അനുവദിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ അംഗപരിമിതരായ ലോട്ടറി തൊഴിലാളികൾക്ക് ടൈ സ്കൂട്ടർ, സ്വന്തമായി കടയോ സ്ഥാപനമോ ഇല്ലാത്ത തൊഴിലാളികൾക്കു ബീച്ച് അംബ്രല്ല, സ്വന്തമായി ഭവനം ഇല്ലാത്ത ഭാഗ്യക്കുറി ക്ഷേമനിധി സജീവ അംഗങ്ങൾക്ക് 2021-ലെ ലൈഫ് വിഷു ബമ്പർ (BR-79) ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച 9,47,55,003.17/- രൂപയിൽ നിന്നും ഭവന നിർമ്മാണത്തിനായുള്ള ധനസഹായം എന്നിവ നൽകുന്നതുനുള്ള നടപടികളും സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ